# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011
(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത്/ സ്ഥാപിതമായത്.)
ടെലിഫോൺ നംബർ - 0495 2367820
ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

| | | |
|---|---|---|
| സന്ധ്യാ ദിവാകർ | : | അദ്ധ്യക്ഷ |
| ഫ്രാൻസിസ് എ. സി. | : | അംഗം (നിയമം) |

# A.P.No. 03/2025-26

( **IGRC,** ശിവപുരം ഇലക്ട്രിക്കൽ സബ് ഡിവിഷന്റെ
ഒ.പി നമ്പർ **01/2025-26** ലെ വിധിക്കെതിരെ )

**പരാതിക്കാരി :**

**1. ശ്രീമതി. സിനി മധുസൂദനൻ, "നീലാംബരി", പാല,**
**കാക്കയങ്ങാട് പി.ഒ., പേരാവൂർ , കണ്ണൂർ–670673**

**എതിർകക്ഷികൾ :**

1. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,**
   **ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ശിവപുരം,**
   **കെ.എസ്.ഇ.ബി ലിമിറ്റഡ്, കണ്ണൂർ– ജില്ല.**

2. **അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ,**
   **കാക്കയങ്ങാട്, കെ.എസ്.ഇ.ബി ലിമിറ്റഡ്,**
   **കണ്ണൂർ–ജില്ല.**

# ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം:-

പരാതിക്കാരി ശ്രീമതി സിനി മധുസൂദനൻ, നീലാംബരി, പാല, കാക്കയങ്ങാട് പി.ഒ., പേരാവൂർ, കണ്ണൂർ-670673, എന്നവർ കാക്കയങ്ങാട് ഇലക്ട്രിക്കൽ സെക്ഷനു കീഴിലെ ഉപഭോക്താവാണ്. തന്റെ പേരിലുള്ള വസ്തുവിൽ കൂടി തന്റെ അറിവോ സമ്മതമോ ഇല്ലാതെ അനധികൃതമായി വസ്തു കൈയേറി KSEB HT/LT ലൈനുകൾ, ട്രാൻസ്ഫോർമർ, എർത്ത് റോഡ്, സ്റ്റേ വയർ എന്നിവ സ്ഥാപിച്ചതിനെ തുടർന്ന് ഇത് സംബന്ധിച്ച് നിരവധി പരാതികൾ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയെങ്കിലും നാളിതു വരെ പരാതിക്ക് അടിസ്ഥാനമായ വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിഹരിക്കാതെ ഒഴിഞ്ഞു മാറിയപ്പോൾ പരാതിക്കാരി ശിവപുരം ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ സമീപിക്കുകയും അദ്ദേഹം അത് IGRC യിലേക്ക് എടുത്ത് തീർപ്പ് കൽപ്പിക്കുകയും ചെയ്തു. ആയതിന് എതിരെയാണ് പരാതിക്കാരി ബഹു. CGRF നെ സമീപിച്ചിരിക്കുന്നത്.

## പരാതിക്കാരിയുടെ വാദം :-

കാക്കയങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള കാക്കയങ്ങാട് ആറളം ഫാം റോഡിൽ മാണിമുക്ക് എന്ന പ്രദേശത്തെ പരാതിക്കാരിയുടെ പേരിലുള്ള വസ്തുവിൽ കൂടി തന്റെ അറിവോ സമ്മതമോ ഇല്ലാതെ KSEB അനധികൃതമായി രണ്ട് മീറ്ററിലധികം വസ്തു കയ്യേറി

HT/LT ലൈനുകൾ വലിക്കുകയും കൂടാതെ അതിർത്തിയോട് ചേർന്ന് മതിൽ ഇടിച്ച് നിരത്തി മഴക്കാലത്ത് വെള്ളം കുത്തിയൊഴുകുന്ന ഡ്രെയിനേജിൽ 17.10.2022 ന് രണ്ട് വലിയ A type പോളുകൾ കുഴിച്ചിട്ട് ട്രാൻസ്ഫോർമർ, എർത്ത് റോഡ്, സ്റ്റേ വയർ എന്നിവ സ്ഥാപിക്കുകയും തുടർന്ന് താൻ കടമുറി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭാഗത്ത് ബ്ലോക്ക് ചെയ്തു കൊണ്ട് നീളമേറിയ സ്റ്റേ വയർ സ്ഥാപിച്ചതായും പരാതിക്കാരി ബഹുമാനപ്പെട്ട ഫോറത്തെ അറിയിക്കുന്നു.

(മഫിങ്ങോട് കൂടിയ A type പോളുകൾ ഡ്രെയിനേജിൽ കുഴിച്ചിട്ടത് മാറ്റാൻ മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ 15.06.2023 ന് കാക്കയങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി പരാതിക്കാരി അറിയിക്കുന്നു).

മാത്രമല്ല അനധികൃതമായി സ്ഥാപിച്ച HT/LT ലൈനുകളും ട്രാൻസ്ഫോർമറുകളും വീതിയേറിയ റോഡിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ട് നിരവധി പരാതികൾ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ടെന്നും എന്നാൽ നാളിതുവരെ പരാതിക്ക് അടിസ്ഥാനമായ വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിഹരിക്കാതെ ഒഴിഞ്ഞു മാറുകയാണെന്നും പരാതിക്കാരി രേഖപ്പെടുത്തുന്നു.

അവസാനമായി ശിവപുരം ഇലക്ട്രിക്കൽ സബ് ഡിവിഷൻ IGRC ചെയർമാന് 06.12.2025 ന് പരാതിക്കാരി പരാതി നൽകുകയും എന്നാൽ പരാതി പരിഹരിക്കാതിരുന്നത് മാത്രമല്ല വസ്തുതകൾക്ക് നിരക്കാത്ത

ഒട്ടേറെ അസത്യ പ്രസ്താവനകൾ എഴുതി ഒപ്പിട്ട് മറുപടി നൽകുകയാണ് അദ്ദേഹം ചെയ്തതെന്നും ഇത് അങ്ങേയറ്റം ഖേദകരമാണെന്നും പരാതിക്കാരി ഫോറത്തെ അറിയിക്കുന്നു.

ആയതിനാൽ ഇതിനെതിരെ അപ്പീൽ അധികാരിയായ ശ്രീകണ്ഠാപുരം സർക്കിൾ ഐ.ജി.ആർ.സി ചെയർമാനെ സന്ദർശിച്ച് പരാതി ബോധിപ്പിച്ചപ്പോൾ അദ്ദേഹത്തിന് വസ്തുത മനസ്സിലാവുകയും, തുടർന്ന് ബഹുമാനപ്പെട്ട കോഴിക്കോട് CGRF ചെയർമാന് പരാതി നൽകുവാൻ ഉപദേശിക്കുകയും ചെയ്തതായും പരാതിക്കാരി ബോധിപ്പിക്കുന്നു.

ആയതിനാൽ വസ്തുതകൾ പരിശോധിച്ച് എത്രയും പെട്ടെന്ന് തനിക്ക് നീതി ലഭ്യമാക്കി തരണമെന്നാണ് പരാതിക്കാരി ബഹുമാനപ്പെട്ട ഫോറത്തോട് അപേക്ഷിക്കുന്നത്.

ഫോം എ യിൽ താഴെ പറയുന്ന രേഖകൾ സമർപ്പിച്ചിട്ടുള്ളതായി പരാതിക്കാരി അറിയിക്കുന്നു.

- IGRC ഉത്തരവ്.
- ബഹു : മുഖ്യമന്ത്രിക്ക് നൽകിയ പരാതിയുടെ മറുപടി.
- MLA മുഖാന്തിരം ബഹു: വൈദ്യുതി മന്ത്രിക്ക് നൽകിയ പരാതിയുടെ മറുപടി.
- മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ പരാതിയുടെ മറുപടി.

എന്നാൽ ഈ രേഖകൾ ഒന്നും തന്നെ പരാതിയോടൊപ്പം സമർപ്പിച്ചിട്ടില്ല.

എതിർകക്ഷിയുടെ വാദം :-

എതിർകക്ഷിയുടെ കാര്യവിവരപത്രിക പ്രകാരം പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള 100 kVA കുട്ടിക്കുന്ന് ട്രാൻസ്ഫോർമർ ഏകദേശം 20 വർഷങ്ങൾക്ക് മുൻപ് സ്ഥാപിച്ചിട്ടുള്ളതാണെന്ന് രേഖപ്പെടുത്തുന്നു. കൂടാതെ പരാതിക്കാരിയുടെ വസ്തുവിന് കുറുകെയാണ് 11 കെ വി ലൈൻ മുൻപ് കടന്നു പോയിരുന്നത് എന്നും, പ്രസ്തുത ലൈനിന് താഴെയായി പരാതിക്കാരിയുടെ വസ്തുവിന് പുറത്തായിട്ട് രണ്ട് RS Joist പോസ്റ്റിലാണ് ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടായിരുന്നതെന്നും എതിർകക്ഷി വ്യക്തമാക്കുന്നു.

പ്രസ്തുത ട്രാൻസ്ഫോർമറിന്റെ RS Joist DP Structure കാലപ്പഴക്കം കൊണ്ട് ദ്രവിച്ചിരുന്നതിനാൽ 2023 മാർച്ച് മാസത്തിൽ A Type പോസ്റ്റുകൾ ഉപയോഗിച്ച് മുമ്പ് ഉണ്ടായിരുന്ന അതേ സ്ഥാനത്ത് തന്നെ പുതുക്കി സ്ഥാപിച്ചിരുന്നു എന്നും തുടർന്ന് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് മുമ്പ് തന്നെ ട്രാൻസ്ഫോർമറിന്റെ സ്റ്റേയും, എർത്ത് പൈപ്പുകളും പരാതിക്കാരിയുടെ വസ്തുവിലായിരുന്നു ഉണ്ടായിരുന്നത് എന്നും, ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന DP, സ്റ്റേ, എർത്ത് പൈപ്പുകൾ എന്നിവ സ്ഥാനം മാറ്റി പരാതിക്കാരിയുടെ വസ്തുവിൽ സ്ഥാപിച്ചിട്ടില്ല എന്നും എതിർകക്ഷി പ്രത്യേകം എടുത്തുകാട്ടുന്നു.

കൂടാതെ സ്ഥല പരിശോധനയിൽ, ശ്രീ മുത്തേടത്ത് ത്വരിതാ കിരാത ക്ഷേത്രത്തിലേക്കുള്ള റോഡിനരികിൽ ഡ്രെയിനേജ് ഉള്ളതായോ പരാതിക്കാരിയുടെ വസ്തുവിന്റെ അതിർത്തിയോട് ചേർന്ന് മതിൽ ഉള്ളതായോ കണ്ടെത്താൻ സാധിച്ചിട്ടില്ല (ഈ റോഡിനരികിലാണ് ട്രാൻസ്ഫോർമർ DP നില നിൽക്കുന്നത്.) എന്നും എതിർകക്ഷി വ്യക്തമാക്കുന്നു. ആയതിനാൽ "മതിൽ ഇടിച്ചു നിരത്തി ഡ്രെയിനേജിൽ A Type പോളുകൾ കുഴിച്ചിട്ടു" എന്ന പരാതിക്കാരിയുടെ വാദം തെറ്റാണെന്ന് എതിർകക്ഷി വാദിക്കുന്നു.

100 kVA കുട്ടിക്കുന്ന് ട്രാൻസ്ഫോർമറിൽ നിന്നും വൈദ്യുതി വിതരണം നടത്തുന്നതിനായി കാക്കയങ്ങാട് -പാലപ്പുഴ റോഡിനരികിൽ സ്ഥാപിച്ച KP57 നമ്പർ ഇലക്ട്രിക്ക് പോസ്റ്റ് 2021 കാലഘട്ടത്തിൽ നവീകരിച്ചതാണെന്നും നവീകരണത്തിന് മുമ്പ് ഇവിടെ ഒരു Teak wood പോസ്റ്റ് ആയിരുന്നു ഉണ്ടായിരുന്നത് എന്നും എതിർകക്ഷി വിശദമാക്കുന്നു. തുടർന്ന് പ്രസ്തുത പോസ്റ്റ് കാലപ്പഴക്കം കൊണ്ട് ദ്രവിച്ചതിനാലും ക്ഷേത്രത്തിലേക്കുള്ള റോഡിന്റെ വശത്തേക്ക് ചെരിഞ്ഞു അപകടാവസ്ഥയിൽ നിന്നിരുന്നതിനാലുമാണ് ഇത് മാറ്റി നിലവിലുള്ള PSC പോസ്റ്റ് അതേ സ്ഥാനത്ത് സ്ഥാപിച്ചത് എന്നും പോസ്റ്റിനെ സുരക്ഷിതമായി നില നിർത്താൻ സ്റ്റേ അനിവാര്യമായതു കൊണ്ടാണ് പോസ്റ്റിന് സ്റ്റേ ഘടിപ്പിച്ചത് എന്നും എതിർകക്ഷി കൂട്ടിച്ചേർക്കുന്നു.

മുമ്പ് പ്രസ്തുത പോസ്റ്റിൽ ട്രാൻസ്ഫോർമറിൽ  നിന്നുള്ള അലൂമിനിയം കമ്പികളാൽ നിർമിച്ച LT 3 ഫേസ് ഓവർ ഹെഡ് ലൈൻ ആയിരുന്നു. മാത്രമല്ല പ്രസ്തുത ലൈൻ പരാതിക്കാരിയുടെ വസ്തുവിൽ ഒരു അരികിലൂടെയായിരുന്നു വർഷങ്ങൾക്ക് മുമ്പേ തന്നെ കടന്നു പോയിരുന്നത് എന്നും എന്നാൽ നവീകരണത്തിന്റെ ഭാഗമായി ഈ ലൈൻ മാറ്റി അതേ സ്ഥാനത്ത് കൂടുതൽ സുരക്ഷിതമായ AB കേബിൾ വലിച്ചിട്ടുണ്ടായിരുന്നു എന്നും എതിർകക്ഷി വ്യക്തമാക്കുന്നു. 3 ഫേസ് ലൈനിന് പകരം AB കേബിൾ വലിച്ചപ്പോൾ പരാതിക്കാരിയുടെ വസ്തുവിലെ ലൈനിന്റെ വീതി മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ കുറയുകയും അതുവഴി പരാതിക്കാരിക്ക് കൂടുതൽ സുരക്ഷയും സൗകര്യവും ഉണ്ടായിട്ടുണ്ടെന്നും എതിർകക്ഷി സൂചിപ്പിക്കുന്നു.

തുടർന്ന് 2021 കാലഘട്ടത്തിൽ പരാതിക്കാരിയുടെ വസ്തുവിന് കുറുകെ നിലനിന്നിരുന്ന അലൂമിനിയം കമ്പികളാൽ നിർമിച്ച 11 കെ  വി ലൈൻ നവീകരണത്തിന്റെ ഭാഗമായി അഴിച്ചു മാറ്റുകയും പകരം ഓവർ ഹെഡ് AB കേബിൾ ഉപയോഗിച്ച് 11 kV ലൈൻ റോഡിലൂടെ മാറ്റി സ്ഥാപിക്കുകയും ചെയ്തു. ഇത് കാരണവും പരാതിക്കാരിക്ക്  പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ഈ പ്രവൃത്തി ചെയ്യുന്ന സമയത്ത് കുട്ടിക്കുന്ന് ട്രാൻസ്ഫോർമർ മെയിൻ റോഡിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം പരാതിക്കാരിയുടെ ഭാഗത്ത് നിന്ന് ഉണ്ടായെങ്കിലും, അപേക്ഷ

നൽകി ഉചിതമായ സ്ഥലം സജ്ജീകരിച്ച തരാനോ, ആയതിന് വേണ്ട Shifting Charges അടക്കുവാനോ ടിയാൾ തയ്യാറായിട്ടില്ല എന്നുള്ള വസ്തുത എതിർകക്ഷി ഫോറത്തോട് വ്യക്തമാക്കുന്നു. ആയതിനാൽ പ്രസ്തുത ട്രാൻസ്ഫോർമർ നിലവിലുള്ള അതേ സ്ഥാനത്ത് തന്നെ നിലനിർത്തി HT AB കേബിൾ റോഡ് മറികടന്ന് KP57 നമ്പർ പോസ്റ്റിലൂടെ ട്രാൻസ്ഫോർമറിലേക്ക് വലിച്ചിട്ടുണ്ടായിരുന്നെന്നും ട്രാൻസ്ഫോർമറിലേക്ക് HT AB കേബിൾ വലിച്ചത് മുമ്പ് ഉണ്ടായിരുന്ന LT ലൈനിന്റെ (ഇപ്പോൾ AB കേബിൾ) മുകളിലൂടെ ആയതുകൊണ്ടും ഭാവിയിൽ പരാതിക്കാരിക്ക് തന്റെ വസ്തുവിൽ കെട്ടിടം നിർമ്മിക്കണമെങ്കിൽ LT ലൈനിനു കെട്ടിടത്തിലേക്കു വേണ്ട അതേ Horizontal Clearance ആണ് HT ലൈനിനും ആവശ്യമുള്ളത് എന്നത് കൊണ്ടും പ്രസ്തുത HT AB കേബിൾ വലിച്ചത് വഴി പരാതിക്കാരിക്ക് യാതൊരു അസൗകര്യവും ഉണ്ടായിട്ടില്ല എന്നും എതിർകക്ഷി ഫോറത്തെ ബോധ്യപ്പെടുത്തുന്നു.

ആയതിനാൽ പരാതിയിൽ പരാമർശിച്ചിട്ടുള്ള ട്രാൻസ്ഫോർമർ DP Structure, സ്റ്റേ, എർത്ത് പൈപ്പുകൾ, പോസ്റ്റ്, ലൈനുകൾ എന്നിവ വർഷങ്ങൾക്ക് മുമ്പ് തന്നെ നിലനിന്നിരുന്ന അതേ സ്ഥാനത്ത് തന്നെയാണ് നവീകരണത്തിന്റെ ഭാഗമായി പുതുക്കി സ്ഥാപിച്ചതും എന്നതിനാൽ പരാതിക്കാരന്റെ അറിവോ സമ്മതമോ ഇല്ലാതെ തികച്ചും അനധികൃതമായി മേൽ സൂചിപ്പിച്ച വൈദ്യുത പ്രതിഷ്ഠാപനങ്ങൾ

പരാതിക്കാരന്റെ വസ്തു കയ്യേറി സ്ഥാപിച്ചു എന്നുള്ള പരാതിക്കാരിയുടെ വാദം നിലനിൽക്കുന്നതല്ല എന്ന് എതിർകക്ഷി വാദിക്കുന്നു.

വർഷങ്ങൾക്കു മുമ്പേ തന്നെ നിലനിന്നിരുന്ന കുട്ടിക്കുന്ന് ട്രാൻസ്ഫോർമർ സ്റ്റേഷനും അനുബന്ധ പോസ്റ്റുകളും ലൈനുകളും മറ്റും പരാതിക്കാരിക്ക് മാറ്റി സ്ഥാപിക്കണമെങ്കിൽ ആയതിനുവേണ്ട സ്ഥലം ഏർപ്പാട് ചെയ്ത് തരികയും പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തുക അടയ്ക്കുകയും വേണമെന്ന് ടിയാളെ അറിയിച്ചിട്ടുള്ളതായി എതിർകക്ഷി രേഖപ്പെടുത്തുന്നു.

06.12.25 ന് ഇലക്ട്രിക്കൽ സബ് ഡിവിഷൻ ശിവപുരം IGRC യിൽ ലഭിച്ച പരാതിയിന്മേൽ തീരുമാനമെടുത്ത് മറുപടി നൽകിയത്, IGRC അംഗങ്ങൾ സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലും, പരാതിയിൽ പറഞ്ഞിട്ടുള്ള പ്രവൃത്തികൾ നടന്ന കാലഘട്ടത്തിൽ കാക്കയങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ ഉണ്ടായിരുന്ന ശ്രീ. പ്രമോദ് കുമാർ കെ.കെ., ശ്രീ. അജിത്ത് വാഴയിൽ, ശ്രീ. ഉത്തമൻ സി., എന്നീ ജീവനക്കാരുടെ മൊഴിയുടെ അടിസ്ഥാനത്തിലുമാണെന്നും ആയതിനാൽ "വസ്തുതകൾക്ക് നിരക്കാത്ത ഒട്ടേറെ അസത്യ പ്രസ്താവനകൾ" എന്ന പരാതിക്കാരിയുടെ വാദം അപ്രസക്തമാണെന്ന് എതിർകക്ഷി വിവരിക്കുന്നു. ആയതിനാൽ മേൽ സൂചിപ്പിച്ച വസ്തുതകൾ പരിഗണിച്ച് ഈ പരാതി കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുകൂലമായി

തീർപ്പാക്കണമെന്ന് എതിർകക്ഷി ഫോറത്തോട് അപേക്ഷിക്കുന്നു.

<u>ഫോറത്തിന്റെ ഹിയറിംഗ് നടപടി ക്രമങ്ങളുടെ സംഗ്രഹം:-</u>

തുടർന്ന് 04.02.26 രാവിലെ തലശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന ഹിയറിംഗിൽ ഇരു കൂട്ടരും സന്നിഹിതരായിരുന്നു.

പരാതിക്കാരിയുടെ പ്രതിനിധി ആയ ശ്രീ. മധുസൂദനൻ, താൻ ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ഓവർസിയറായി വിരമിച്ചയാളാണ് എന്ന് സ്വയം പരിചയപ്പെടുത്തിക്കൊണ്ട് ഇപ്രകാരം അറിയിച്ചു:

- പരാതിയിൽ പരാമർശിക്കുന്ന ട്രാൻസ്ഫോർമറും ലൈനും 1970 കളിൽ ക്രോസ്സ്കൺട്രിയായി സ്ഥാപിച്ചിരുന്നതായിരുന്നു. തുടർന്ന് വിഷൻ 2021 പ്രകാരം ക്രോസ്സ്കൺട്രി ആയിട്ടുള്ള ലൈനുകളെല്ലാം റോഡിലൂടെ മാറ്റി സ്ഥാപിക്കാൻ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചതിൻ പ്രകാരം ആ HT OH line റോഡിലൂടെ HT ABC ആയി മാറ്റുകയുണ്ടായി. എന്നാൽ ട്രാൻസ്ഫോർമർ അവിടെത്തന്നെ നിലനിർത്തി.
- 17.10.2022-ൽ ഈ ട്രാൻസ്ഫോർമർ അവിടെത്തന്നെ നില-നിർത്തിക്കൊണ്ട് Renew ചെയ്യുകയാണ് ഉണ്ടായത്.
- മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്ന് 04.08.2023 ന് 401088/ GGRI12/ GPO/ 2023/ 5377 നമ്പർ പ്രകാരം ലഭിച്ച വിവരാവകാശ

അപേക്ഷക്കുള്ള മറുപടി സമർപ്പിച്ചുകൊണ്ട് [Exhibit P1] ആയതിലെ പരാമർശത്തിലേക്ക് പരാതിക്കാരി ഫോറത്തിന്റെ ശ്രദ്ധ ക്ഷണിച്ചു:

*" 2023 ജൂൺ 15 ന് നടന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 177 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൈറ്റ് പരിശോധന നടത്തിയതിൽ, ഡ്രെയിനേജിന് തടസ്സമാകുന്ന രീതിയിൽ ഇലക്ട്രിക് പോസ്റ്റും ട്രാൻസ്ഫോർമേറും സ്ഥാപിച്ചിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചതിൻ പ്രകാരം, ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി കെ.എസ്.ഇ.ബി അസി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു."*

എന്നാൽ പ്രസ്തുത വിവരാവകാശ അപേക്ഷ, ഡ്രെയിനേജിൽ പോസ്റ്റുകളും, ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചതിനെ സംബന്ധിച്ചാണല്ലോ എന്ന് ഫോറം നിരീക്ഷിച്ചപ്പോൾ ട്രാൻസ്ഫോർമർ തങ്ങളുടെ വസ്തുവിലല്ല അമ്പലത്തിലേക്കുള്ള റോഡരികിലാണെന്നും, എന്നാൽ പുതുക്കിയ സമയത്ത് സ്റ്റേയും A പോളിന്റെ മഫിങ്ങും പരാതിക്കാരിയുടെ സ്ഥല-ത്തേക്ക് കൈയേറിക്കൊണ്ടാണെന്നും, മെയിൻ റോഡിൽ നിന്ന് ഏകദേശം 2 മീറ്റർ നീളത്തിൽ പ്രസ്തുത പുരയിടത്തിലൂടെ HT ABC വലിച്ചിട്ടുണ്ട് എന്നും പരാതിക്കാരിയുടെ പ്രതിനിധി അറിയിച്ചു.

IGRC ഉത്തരവിലെ അസത്യ പ്രസ്താവനകൾ ഏതൊക്കെയാണ് എന്ന് ഫോറം ആരാഞ്ഞപ്പോൾ വ്യക്തമായ മറുപടി നൽകാൻ പരാതിക്കാരിയുടെ പ്രതിനിധിക്ക് കഴിഞ്ഞില്ല.

"Property crossing dispute" ഉണ്ടായപ്പോൾ തന്നെ നിയമാനുസൃത അധികാരിയായ ബഹു. എ.ഡി.എമ്മിനെ എന്തു-കൊണ്ടാണ് KSEB ഉദ്യോഗസ്ഥനായ പ്രതിനിധി സമീപിക്കാതിരുന്നത് എന്ന് ഫോറം വീണ്ടും ആരാഞ്ഞപ്പോൾ അത്തരമൊരു സംവിധാന-ത്തെക്കുറിച്ച് തനിക്ക് അറിയില്ല എന്നും KSEB അധികൃതർ തന്റെ പരാതി അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് താൻ പ്രതീക്ഷിച്ചു എന്നും പരാതിക്കാരിയുടെ പ്രതിനിധി അറിയിച്ചു.

പരാതിക്കാരൻ പരാതിക്കൊപ്പം 4 രേഖകൾ സമർപ്പിക്കുന്നു എന്നു Form A-യിൽ പറഞ്ഞുവെങ്കിലും ഒരു രേഖകളും പരാതിയോടൊപ്പം സമർപ്പിച്ചിരുന്നില്ല. അതിനെക്കുറിച്ച് ഫോറം ആരാഞ്ഞപ്പോൾ മുഖ്യമന്ത്രിക്കും വൈദ്യുതി മന്ത്രിക്കും നൽകിയ പരാതിയിന്മേൽ യഥാക്രമം ശിവപുരം ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും ഇരിട്ടി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറും പരാതിക്കാരിക്ക് നൽകിയ മറുപടി പ്രതിനിധി ഫോറത്തിന് കാണിച്ചു തന്നു.

എതിർകക്ഷിയുടെ വാദം ഇപ്രകാരമായിരുന്നു:

- 2021 ഏപ്രിൽ മാസത്തിൽത്തന്നെ ക്രോസ് കൺട്രിയായിട്ടുള്ള HT OH line മാറ്റി ABC ആക്കി മാറ്റി സ്ഥാപിക്കുന്നതിന് വേണ്ട പോസ്റ്റുകൾ നാട്ടി കഴിഞ്ഞിരുന്നുവെന്ന് PC ബിൽ നമ്പർ 04/2021-22 ഉം അനുബന്ധ

രേഖകളും ഫോറത്തിന് മുമ്പാകെ കാണിച്ചുകൊണ്ട് എതിർകക്ഷി സമർത്ഥിച്ചു. എന്നാൽ ABC ലൈൻ വലിച്ചതുമായ ബന്ധപ്പെട്ട രേഖകൾ എതിർകക്ഷി ഫോറത്തിന് മുൻപാകെ കാണിച്ചില്ല.

- " Standardisation of DTR station at Kuttikkunnu" എന്ന പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം ആയതിനു വേണ്ടിയുള്ള Revised Technical Sanction (50/14323) ന്റെ പകർപ്പ് സമർപ്പിച്ചു കൊണ്ട് മാർച്ച് 2023-ൽ ത്തന്നെ ട്രാൻസ്ഫോർമർ റിന്യൂവലുമായി ബന്ധപ്പെട്ട വർക്കുകൾ പൂർത്തിയാക്കിയിരുന്നു എന്നും എതിർകക്ഷി ബോധിപ്പിച്ചു.

- എന്നാൽ പ്രസ്തുത ട്രാൻസ്ഫോർമർ വളരെക്കാലമായി പ്രസ്തുത സ്ഥലത്ത് തന്നെ നിലനിന്നു വരുന്നതിനാൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശത്തിൽ പ്രത്യേക നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

<u>അവലോകനങ്ങളും കണ്ടെത്തലുകളും</u>

പരാതിക്കാസ്പദമായ ട്രാൻസ്ഫോർമർ ഏകദേശം 50 കൊല്ലമായി പ്രസ്തുത സ്ഥലത്ത് തന്നെയാണ് നിലനിന്ന് പോരുന്നതെന്ന് ഫോറം മനസ്സിലാക്കുന്നു. പരാതിക്കാരി അവകാശപ്പെട്ടപോലെ ക്രോസ് കൺട്രിയായോ പരാതിക്കാരിയുടെ സ്ഥലത്തോ അല്ല ട്രാൻസ്ഫോർമർ നിൽക്കുന്നത് എന്ന് പരാതിക്കാരി തന്നെ സമർപ്പിച്ച രേഖയിൽ നിന്ന് (Exhibit P1) വ്യക്തമാണ്. എന്നാൽ HT OH line, ABC ആയി മാറ്റി

സ്ഥാപിച്ചപ്പോൾ Alignment ൽ മാറ്റം വന്നിട്ടുള്ളതിനാലും ട്രാൻസ്ഫോർമർ സ്റ്റേഷൻ സ്റ്റാൻഡേർഡൈസേഷൻ നടത്തിയപ്പോൾ പരാതിക്കാരിയുടെ വസ്തുവിലേക്ക് എൻക്രോച്ച്മെന്റ് ഉണ്ടായിട്ടുണ്ടാകാം എന്ന് ഫോറം അനുമാനിക്കുന്നു.

മാത്രമല്ല മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് അധികാരിയുടെ മുൻപാകെയും ട്രാൻസ്ഫോർമറും പോസ്റ്റും സ്ഥാപിച്ചതിനെക്കുറിച്ച് പരാതി നൽകിയിട്ടുള്ളതായും ഫോറം മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കേണ്ടുന്ന Statutory Authority, The Electricity Act 2003, Sec 164 പ്രകാരം District Magistrate ആണെന്നും ഫോറം മനസ്സിലാക്കുന്നു.

ആയതിനാൽ മേൽ പരാമർശിച്ച അവലോകനങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിലും, ഇരുകക്ഷികളും ഫോറത്തിനു മുമ്പാകെ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിലും ഫോറം താഴെ പറയുന്ന തീരുമാനങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നു.

<u>തീരുമാനം :</u>

പരാതിക്കാരിയുടെ സങ്കടവും മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശവും ഉൾപ്പെടുത്തിക്കൊണ്ട് ഒന്നാം എതിർകക്ഷി ബഹുമാനപ്പെട്ട കണ്ണൂർ ജില്ല ADM-നെ സമീപിക്കുവാനും അവിടെ നിന്നുള്ള തീരുമാനപ്രകാരം ഉചിതമായ നടപടി സ്വീകരിക്കാനും ഫോറം ഇതിനാൽ ഉത്തരവിടുന്നു.

പരാതി മേൽ പറഞ്ഞ പ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

രണ്ടായിരത്തി ഇരുപത്തി ആറാമാണ്ട് ഫെബ്രുവരി മാസം 04–)0 തിയ്യതി.

| | |
|---|---|
| Sd/–<br>ഫ്രാൻസിസ്. എ. സി,<br>അംഗം (നിയമം) | Sd/–<br>സന്ധ്യാ ദിവാകർ<br>അദ്ധ്യക്ഷ |

Endt.on CGRF-NR/AP 03/2025-26/401 06/02/2026

അയയ്ക്കുന്നത്:

1. ശ്രീമതി. സിനി മധുസൂദനൻ,
നീലാംബരി,
പാല,
കാക്കയങ്ങാട് പി.ഒ,
പേരാവൂർ ,
കണ്ണൂർ–670673

(സ്പീഡ് പോസ്റ്റ് മുഖാന്തരം)

} ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് / പരാതിക്കാരിക്ക് ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ബഹു. ഇല.ഓംബുഡ്സ്മാൻ സമക്ഷം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ് :
സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ,
ഡി.എച്ച്.റോഡ്, ഫോർ ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്ക്വയറിനു സമീപം,
എറണാകുളം, കേരളം– 682 016.

( ഫോൺ 0484- 2346488)

2. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബി ലിമിറ്റഡ്
ശിവപുരം, കണ്ണൂർ– ജില്ല.

3. അസിസ്റ്റൻറ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി ലിമിറ്റഡ്
കാക്കയങ്ങാട്, കണ്ണൂർ– ജില്ല.

പകർപ്പ് സമർപ്പണം :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
TRAC, വൈദ്യുതിഭവനം,
തിരുവനന്തപുരം.
(ഇമെയിൽ മുഖാന്തരം)

Forwarded

**Sd/-**

**Chairperson**